Research Paper
Peer Reviewed Journal

ISSN-2455-0736 (Print)
ISSN-2456-4052 (Online)

# വക്രോക്തി സിദ്ധാന്തം ധർമ്മരാജായിലൂടെ കടന്നുപോകുമ്പോൾ

**Dr. Anila C.S.**

Assistant Professor, Pavanatma College, Murickassery

*anilaattuvassery@gmail.com*

**സംഗ്രഹം (Abstract)**

**ഭാരതീയ സാഹിത്യമീമാംസയിൽ വക്രോക്തി എന്ന കാവ്യസൗന്ദര്യസിദ്ധാന്തത്താൽ ചിരപ്രതിഷ്ഠ നേടിയ ആലങ്കാരികനാണ് രാജാനകകുന്തകൻ. ഭാഷയുടെ വർണ്ണതലം മുതൽ കാവ്യശരീരമാകെ പടർന്നുകിടക്കുന്ന സുന്ദര ഭാഷണമെന്ന വക്രോക്തിസിദ്ധാന്തത്തെ, മലയാള നോവൽ ചരിത്രത്തിൽ അനശ്വരമായ അദ്ധ്യായം എഴുതിച്ചേർത്ത സി.വി. രാമൻപിള്ളയുടെ ധർമ്മരാജാ എന്ന നോവലിൽ ചേർത്തുവായിക്കുകയാണ് ഈ ലേഖനത്തിലൂടെ. ഭാഷയുടെയും സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും മലയാളികളുടെ സൗന്ദര്യസങ്കല്പങ്ങളുടെയും സവിശേഷതകളെ സ്വപ്രതിഭാനുരൂപമായി പരമാവധിപ്രയോജനപ്പെടുത്തി വക്രതകളുടെ രാജസൗധം നിർമ്മിച്ച എഴുത്തുകാരനാണ് സി.വി..**

**മാർത്താണ്ഡവർമ്മ എന്ന നോവലിൽ മൊട്ടിട്ട ഈ വൈചിത്ര്യാഭിമുഖ്യം ധർമ്മരാജായിലെത്തിയപ്പോൾ പൂർണ്ണശോഭം മിഴിവാർന്നു. അതിനാലാണ് ഇവിടെ അപഗ്രഥനത്തിനായി ധർമ്മരാജാ തന്നെ കൈക്കൊണ്ടത്.**

..................................................................

ഉത്കൃഷ്ടമായ സാഹിത്യകൃതികളുടെ ആസ്വാദനവേളയിൽ ഹൃദയം ഉണരുകയും ഉയരുകയും ചെയ്യുന്നത് കാവ്യാനുഭൂതി എന്ന് പേർ കൊണ്ട ആനന്ദത്താലാണ്. വാക്കുകൾ കൊണ്ട് വർണ്ണിക്കാൻ കഴിയാത്ത ഈ ആനന്ദമാണ് കാവ്യത്തെ കാവ്യമാക്കി തീർക്കുന്നത്. കാവ്യത്തിന്റെ അടിസ്ഥാന ഘടകമായ ഭാഷയിലൂടെ എങ്ങനെയാണ് ഈ ആനന്ദം സാധ്യമാകുന്നത് എന്ന അന്വേഷണം പൂർവ്വികാചാര്യന്മാരിൽ നിന്നും തുടങ്ങിയതാണ്. ആ അന്വേഷണം പല കണ്ടെത്തലുകളിലേയ്ക്കും സിദ്ധാന്തങ്ങളിലേയ്ക്കും അവരെ നയിച്ചു. അക്കൂട്ടത്തിൽ ഭാഷയ്ക്കും സാഹിത്യത്തിനും കൂടുതൽ പ്രകാശം പകരുന്ന ഒരു സിദ്ധാന്തമാണ് രാജാനകകുന്തകന്റെ വക്രോക്തി. ഭാഷയുടേയും സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും മലയാളികളുടെ സൗന്ദര്യസങ്കല്പങ്ങളുടെയും സവിശേഷതകളെ സ്വപ്രതിഭാനുരൂപമായി പരമാവധി പ്രയോജനപ്പെടുത്തി വക്രതകളുടെ രാജസൗധം നിർമ്മിച്ച എഴുത്തുകാരനാണ് സി.വി. രാമൻപിള്ള. മാർത്താണ്ഡവർമ്മ എന്ന നോവലിൽ മൊട്ടിട്ട ഈ വൈചിത്രാഭിമുഖ്യം ധർമ്മരാജായിലെത്തിയപ്പോൾ പൂർണ്ണശോഭം മിഴിവാർന്നു.

സ്വതന്ത്രവും സൂക്ഷ്മവുമായ കാവ്യാപഗ്രഥനത്തിന്റെയും അന്തർദർശനത്തിന്റെയും സന്തതിയാണ് വക്രോക്തി. രസം, ധ്വനി എന്നീ പദ്ധതികളെ അംഗീകരിക്കുകയും അവയ്ക്ക് ശക്തി പകരുകയും ചെയ്യുന്ന സിദ്ധാന്തമാണ് ഇത്. രസധ്വനിയെയാണ് വക്രോക്തി കാവ്യാത്മാവായി കാണുന്നത്. എന്നാൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട സിദ്ധാന്തമാണ് വക്രോക്തി. വക്രത എന്ന ശബ്ദത്തിന് വളവ് എന്നാണ് പ്രയോഗപ്രസിദ്ധമായ അർത്ഥം. വളച്ചുകെട്ടി പറയുന്നതാണ് വക്രോക്തി എന്നൊരു നിരൂപകമതവുമുണ്ട്. എന്നാൽ വക്രോക്തി വളച്ചുകെട്ടി പറയലല്ല. കാവ്യാത്മകമായ അനുഭൂതിയുടെ അഭിസംക്രമണത്തിന് കവിയുടെ പക്കലുള്ള ഉപകരണമാണ് വക്രോക്തി. ശബ്ദാർത്ഥമയമായ ലൗകിക ഭാഷയെ അലൗകിക സൗന്ദര്യത്തിൽ ആറാടിക്കുവാൻ വർണ്ണതലം മുതൽ പ്രബന്ധതലം വരെ വ്യാപിക്കുന്ന വക്രതകൾക്ക് കഴിയുമെന്നതാണ് കുന്തകദർശനം. പ്രപഞ്ചത്തിലുള്ള ഏത് വസ്തുവിനെയും സംഭവത്തെയും സാഹിത്യത്തിന് വിഷയമാക്കാം. എന്നാൽ അവയ്ക്ക് ചാരുത പകരുന്നതിന് വക്രോക്തിരസികത്വം നിറഞ്ഞ കാവ്യഭാഷ വേണ്ടിവരും. സുന്ദര ഉക്തിയായ വക്രോക്തി സഹൃദയഹൃദയത്തിൽ നിലീനമായിരിക്കുന്ന സൗന്ദര്യബോധത്തെ ഉണർത്തുന്നു. ധ്വനനമാർഗ്ഗത്തിലൂടെ അനുഭവപ്പെടുന്ന കാവ്യരസത്തിനുള്ള ഉപകരണം ഭാഷയിലൂടെ സമാനയിക്കപ്പെടുന്ന വിഭാവാനുഭാവ വ്യഭിചാരികളാണ്. അതിന് വേണ്ടുന്ന കരുത്തും സൗന്ദര്യവും ഭാഷയ്ക്ക് നൽകുന്ന രചനാതത്ത്വമാണ് വക്രോക്തി. വർണ്ണവിന്യാസവക്രത, പദപൂർവ്വാദ്ധവക്രത, പ്രത്യയവക്രത, വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നിങ്ങനെ ആറ് തരം വക്രതകളും അവയുടെ ഉൾപ്പിരിവുകളുമാണ് പ്രധാനമായും വക്രോക്തി ജീവിതത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. കവിവൈഭവത്താൽ ഭാഷയുടെ അനന്തതസാധ്യതകളിൽ നിന്ന് ഇനിയും വക്രതകൾ ഉളവാക്കാനാകുമെന്ന് കുന്തകൻ ഉറപ്പുനൽകുന്നുണ്ട്. എങ്കിലും അവ ഈ ആറുതരം വക്രതകളിൽ അന്തർഭവിക്കുമെന്നതാണ് സത്യം. കാവ്യാനന്ദത്തിന് കാരണമായ ഈ വക്രതകളെ നിർബന്ധബുദ്ധിയോടെ പിടിച്ചുവലിച്ചുകൊണ്ടുവരുന്നതല്ല നിബന്ധനതത്ത്വമെന്നതും പ്രധാനമാണ്. സന്ദർഭോചിതമായി കവിമനസ്സിൽ നിന്നും വാർന്നുവീഴുമ്പോഴാണ് വക്രോക്തിയ്ക്ക് സൗന്ദര്യം ഏറുന്നത്. അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്ക് നയിക്കുന്നവയാണ് ഉത്തമസാഹിത്യകൃതികളെല്ലാം. അത്തരം കൃതികൾ കാലദേശാതിവർത്തികളായി സഹൃദയന്മാരെ ആനന്ദിപ്പിച്ചുകൊണ്ട് നിലനിൽക്കുന്നു. സമൂ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഹത്തിന് നൽകാൻ കരുത്തുറ്റ സന്ദേശം കൂടി ഉൾക്കൊള്ളുന്ന ഇത്തരം കൃതികളുടെ ആസ്വാദ്യതയ്ക്കാസ്പദം വക്രോക്തിയാണെന്നതാണ് കുന്തകസിദ്ധാന്തം.

തിരുവിതാംകൂർ ചരിത്രത്തിലെ സംഘർഷഭരിതമായ ഒരു കാലഘട്ടത്തെ വീരരസപൂർണ്ണവും തദ്വാരാ ആകർഷകവുമാക്കി പുനർനിർമ്മിക്കുന്നതിനായി സി.വി. ധാരാളം ഉപാദാനങ്ങളെ ഉപയോഗിച്ചിട്ടുണ്ട്. കാവ്യരചനയിൽ തനിക്കു കൈവന്ന സിദ്ധിവിശേഷങ്ങളെല്ലാം അസാമാന്യമായ മെയ്വഴക്കത്തോടെ അദ്ദേഹം ആദ്യമായെടുത്തു പ്രയോഗിച്ചിരിക്കുന്ന ധർമ്മരാജാ വൈവിദ്ധ്യപൂർണ്ണമായ ഉപാദാനവസ്തുക്കളുടെ ഭണ്ഡാഗാരമാണെന്നതിനു സംശയം വേണ്ട. മാർത്താണ്ഡവർമ്മ എന്ന ആദ്യനോവലിനെ ബഹുദൂരം അതിശയിപ്പിക്കുന്ന വക്രോക്തി നിർഭരമായ രചനാവൈഭവം ധർമ്മരാജായിൽ കാണുന്നതിന്റെ പ്രമുഖ കാരണങ്ങളിലൊന്ന് അന്നത്തെ സാമൂഹിക ജീവിതത്തോടൊപ്പം ശാശ്വതമായ ജീവിതയാഥാർത്ഥ്യങ്ങളെയും പ്രത്യക്ഷമാക്കിത്തീർക്കുന്ന ജീവനുറ്റ ഉപാദാനവസ്തുക്കളുടെ ഔചിത്യപൂർണ്ണമായ സന്നിവേശമാകുന്നു. വിചിത്രമാർഗ്ഗചാരിയായ സി.വി.യുടെ പ്രതിഭയ്ക്ക് വിഹരിക്കാൻ പറ്റിയ മണ്ഡലങ്ങൾ കേരളപ്രകൃതിയും കേരള സംസ്കൃതിയും കേരളചരിത്രവും ഒരുക്കിവച്ചിട്ടുണ്ട്. അവ ഓരോന്നിലും അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യത്തിന്റെ ആഴവും പരപ്പും അതിനോട് അദ്ദേഹം പുലർത്തിപ്പോന്ന തീവ്രമായ അഭിനിവേശവും അവയ്ക്ക് പുതുപുത്തൻ ചാരുതാവിശേഷങ്ങൾ ചാർത്തിക്കുന്ന വിചിത്രമാർഗ്ഗനിഷ്ഠമായ പ്രതിഭയുടെ തിളക്കവും ധർമ്മരാജായിലുടനീളം ദൃശ്യമാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ദക്ഷിണേന്ത്യൻ ചരിത്രത്തിൽ സംഭവിച്ച വിസ്ഫോടനങ്ങൾ തിരുവിതാംകൂറിലുളവാക്കിയ അനുരണനങ്ങളാണ് ഈ നോവലിലെ മുഖ്യ ഉപാദാനവസ്തു. എന്നാൽ ചരിത്രത്തെ അതേവിധം പകർത്തിയാൽ നോവലാവുകയില്ല. സഹൃദയനെ രസിപ്പിക്കുവാൻ വേണ്ടുന്ന ശേഷി ചരിത്രത്തിനുണ്ടാവുക സാധ്യമല്ല എന്നതുതന്നെ ഹേതു. അതിനാൽ അന്നത്തെ നിലയ്ക്ക് അസംഭവ്യമെന്ന് ആർക്കും തോന്നാത്ത ഭാവനാപ്രസൂതമായ ഒരു നൂതന കഥ സി.വി. നെയ്തെടുത്തിരിക്കുന്നു. ചരിത്രമേത് കൽപ്പിതാംശമേത് എന്ന് പെട്ടെന്ന് വേർതിരിച്ചെടുക്കാനാവാത്തവിധം അവയുടെ സംയോജനം പ്രബന്ധവക്രതാഭാസുരമായി നിർവ്വഹിച്ചുമിരിക്കുന്നു. രണ്ട് നൂറ്റാണ്ടുകൾക്കപ്പുറമുള്ള സാമൂഹികജീവിതം പുനർജ്ജനിപ്പിച്ചിരിക്കുന്നത് അങ്ങനെയാണ്. ശുഷ്കവും നിർജ്ജീവവുമായ ചരിത്രഗാത്രത്തിന് ഇങ്ങനെ പുതുജീവൻ നൽകാൻ ആ കാലഘട്ടത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്ന പദാർത്ഥങ്ങളെ അദ്ദേഹം വേണ്ടുവോളം സ്വീകരിച്ചു. കൃത്രിമമെന്നിരുന്നാലും അങ്ങനെ തോന്നിക്കാത്ത പല വിചിത്രശില്പവിദ്യകളും അവയിൽ ചേർത്തുവച്ചു. അതിനുവേണ്ടി കാലത്തിന്റെ പ്രവാഹത്തിൽ മുന്നോട്ടും പിന്നോട്ടും അദ്ദേഹം യാത്ര നടത്തിയിരിക്കുന്നത് വളരെ സൂക്ഷിച്ചുനോക്കിയാലേ പിടികിട്ടൂ. കേരള ഭാഷാഘടനയിൽ ചെയ്തുവച്ചിരിക്കുന്ന ചിത്രപ്പണിത്തരങ്ങളും അങ്ങനെ തന്നെ. വൈവിദ്ധ്യമാർന്ന ഉപാദാനവസ്തുക്കളുടെ വലിയൊരു ശേഖരം തന്നെയായി തന്മൂലം ധർമ്മരാജാ പരിണമിച്ചു. ചരിത്രത്തെയും ചരിത്രപുരുഷന്മാരെയും കൂടാതെ ഇതിഹാസ പുരാണാദികൾ, ആട്ടക്കഥകൾ, നാടകങ്ങൾ, തുള്ളൽക്കഥകൾ, പ്രാചീനങ്ങളായ ശ്രവ്യകാവ്യങ്ങൾ, നാടൻപാട്ടുകൾ, വഞ്ചിപ്പാട്ടുകൾ, കിളിപ്പാട്ട്, ചമ്പുക്കൾ, വേദാന്താദിസ്തോത്രകൃതികൾ, മുക്തകങ്ങൾ, സമസ്യാപൂരണങ്ങൾ, ശാസ്ത്രം, ശാസ്ത്രകാവ്യങ്ങൾ, വിവിധ കലാരൂപങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ഇതര സാംസ്കാരിക ഘടകങ്ങൾ, കേരള പ്രകൃതി എന്നിങ്ങനെ പോകുന്നു ഉപാദാനവസ്തുക്കളുടെ പരമ്പര. പ്രബന്ധവക്രത, പ്രകരണവക്രത, വാക്യവക്രത എന്നിവയുടെ മണ്ഡലങ്ങളിൽ അസാധാരണ മികവുകാട്ടി അത്ഭുതകരമായ ഒരു പുത്തൻ കാവ്യലോകം സൃഷ്ടിക്കാൻ അദ്ദേഹത്തിന് സഹായകമായി നിന്ന അസംസ്കൃത പദാർത്ഥങ്ങൾ ഈ ഉപാദാനവസ്തുക്കളാകുന്നു. ലോകം, ശാസ്ത്രം, കാവ്യം മുതലായവയുടെ സൂഷ്മപഠനത്തിലൂടെ വളർന്നുവികസിച്ച നൈപുണ്യത്തിന്റെ ആഴവും പരപ്പും ഈ ഉപാദാനവസ്തുക്കളുടെ ബാഹുല്യം വിളിച്ചോതുന്നു. അത് കാവ്യാസ്വാദകാരണമായ വക്രതകളുടെ നിർമ്മിതിക്കായി എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തിയിരിക്കുന്നു എന്നതും ഇവിടെ ദൃശ്യമായിരിപ്പുണ്ട്.

അനന്തപത്മനാഭൻ പടത്തലവൻ രാജഹിതമനുസരിച്ച് മന്ത്രകൂടത്തെത്തി ത്രിപുരസുന്ദരി വലിയ കുഞ്ഞമ്മയെയും മീനാക്ഷിയെയും കുറിച്ചുള്ള സത്യങ്ങൾ മനസ്സിലാക്കുന്ന ഭാഗം ഇതിവൃത്തദൃഷ്ട്യാ സുപ്രധാനമാകുന്നു. അനന്തപത്മനാഭനെ സംബന്ധിച്ചിടത്തോളം ആ വൃദ്ധ സ്വന്തം ഭാര്യാപിതാവിന്റെ സഹോദരിയും രക്ഷണീയയുമാണ്. വൃദ്ധയ്ക്ക് മുപ്പത് വയസ്സാകുവോളം അവരെ പരിചയമുണ്ടായിരുന്ന പടത്തലവർ, ആ പ്രഭ്വിയുടെ ദയനീയമായ അപ്പോഴത്തെ സ്ഥിതി കണ്ട്, അനുകമ്പാ പരവശനായി അത്യന്തം വിനയത്തോടും സ്നേഹത്തോടും കുശലാന്വേഷണം ചെയ്തു. അന്നുരാത്രി അവിടെ താമസിച്ച്, കുട്ടിക്കോന്തിശ്ശന്റെ ദേശാന്തരപ്രയാണാരംഭം മുതൽക്കുള്ള കഥകൾ മുഴുവൻ അറിഞ്ഞ്, അടുത്ത ദിവസം തന്നെ ചെമ്പകശ്ശേരിയിലേക്ക് മടങ്ങി. ഈ കഥാഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഇരുപത്തിയൊന്നാം അധ്യായത്തിന്റെ ആമുഖമായി ചേർത്തിരിക്കുന്നത് ശ്രീമഹാഭാഗവതം കിളിപ്പാട്ട് ദശമസ്കന്ദത്തിൽ രാജസൂയത്തിൽ പങ്കെടുക്കാൻ ഇന്ദ്രപ്രസ്ഥത്തിലെത്തുന്ന കൃഷ്ണൻ അച്ഛൻപെങ്ങളായ കുന്തിയെ വണങ്ങുന്നതും അനുഗ്രഹം തേടുന്നതുമായ വരികളാണ്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

"അതുപൊഴുതു കുന്തിയെ വന്ദിച്ചു മാധവൻ
ആശീർവചനവും ചെയ്തിതു കുന്തിയും"

ഈ പുരാണ കഥാസന്ദർഭം കൊണ്ട് അനേകം അർത്ഥങ്ങളെ നോവലിസ്റ്റ് ധ്വനിപ്പിച്ചിരിക്കുന്നു. ദുരിതങ്ങളുടെ കാര്യത്തിൽ ത്രിപുരസുന്ദരി കുഞ്ഞമ്മയും കുന്തിയും സമാനരാണ്. ജ്യേഷ്ഠപുത്രന്മാരുടെ അധർമ്മത്താൽ നഗരവാസം നഷ്ടപ്പെട്ട കുന്തിക്ക് മക്കളോടൊപ്പം വനവാസവും ഏകചക്രയിൽ അജ്ഞാതവാസവും അനുഭവിക്കേണ്ടിവന്നു. രാജ്യദ്രോഹകുറ്റത്താൽ കുടുംബത്തോടൊപ്പം ത്രിപുരസുന്ദരി കുഞ്ഞമ്മയ്ക്കും നാടുവിടേണ്ടിവന്നു. എന്നാൽ കുന്തിയുടെ മക്കൾ ധർമ്മമാർഗ്ഗികളും രാജ്യസ്നേഹികളുമാണ്. വൃദ്ധയുടെ മക്കളാകട്ടെ അധർമ്മമാർഗ്ഗികളും രാജ്യദ്രോഹികളുമായിപ്പോയി. കുന്തിയുടെ മക്കൾ നടത്തുന്ന രാജസൂയത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന ശ്രീകൃഷ്ണൻ കുന്തിയെ വണങ്ങുകയും അനുഗ്രഹം തേടുകയും ചെയ്യുന്നു. രാജ്യദ്രോഹവും രാജദ്രോഹവും ലക്ഷ്യം വച്ചുകൊണ്ട് ഹരിപഞ്ചാനനൻ നടത്തുന്ന യജ്ഞതന്ത്രങ്ങളെ മനസ്സിലാക്കുന്നതിന്റെ മുന്നോടിയായി മന്ത്രകൂടത്ത് എത്തുന്ന അനന്തപത്മനാഭൻ വൃദ്ധയെ തിരിച്ചറിഞ്ഞ് അവരുടെ അനുഗ്രഹം വാങ്ങുന്നു. ഇക്കാര്യങ്ങളെല്ലാം സഹൃദയനിൽ ധ്വനിപ്പിക്കാൻ പാകത്തിൽ വാക്യവക്രതാമധുരിമ സി.വി. അതിൽ ചാലിച്ചുവച്ചിരിക്കുന്നു.

കഥകളിപദങ്ങൾ പല അധ്യായങ്ങളുടെയും ധ്വനിസാന്ദ്രമായ ആമുഖപദ്യമായി സി.വി. കൂട്ടിച്ചേർത്തിട്ടുണ്ട്. ചിലമ്പിനേത്ത് യോഗീശ്വരന് ഭിക്ഷാസത്കാരം നടന്നതിന്റെ തലേന്ന്, അടുത്തുള്ള മന്ത്രകൂടത്ത് ഭവനത്തിലെ താമസക്കാർക്ക് മൂന്ന് പേർ അതിഥികളുണ്ടായിരുന്നു. അതിൽ മാമാവെങ്കിടൻ ഒഴികെ മറ്റു രണ്ടുപേരും മീനാക്ഷീകാമുകന്മാരായിരുന്നു. കുഞ്ഞമ്മ അനുവദിച്ചാൽ, ഈ നിമിഷം അമ്മാളുക്കുട്ടിയെ ചിലമ്പിനേത്ത് അകത്തെ കെട്ടിലമ്മയാക്കാൻ തയ്യാറുള്ള ചന്ത്രക്കാറനാണ് ആദ്യം സന്ദർശിച്ചത്. രണ്ടാമതെത്തിയത് വിടനായ ഉമ്മിണിപ്പിള്ളയും. ഈ അധ്യായത്തിന്റെ ആമുഖപദ്യം

"സാദരം നീ ചൊന്നതു മൊഴിയിതു, സാധുവല്ല കുമതേ!
ഖേദമിതിനുടയ വിവരമിതറിക നീ, കേവലം പരനാരിയിൽ മോഹം".

എന്ന ഇരയിമ്മൻ തമ്പിയുടെ കീചകവധം ആട്ടക്കഥയിലെ വരികളാണ്. അജ്ഞാതവാസത്തിലിരിക്കുന്ന സൈരന്ധ്രിയെ ബലാൽഹരിക്കാൻ ശ്രമിച്ച കീചകന് സൈരന്ധ്രി നൽകുന്ന മറുപടിയാണിത്. ഒടുവിൽ മദോൽകടന്റെ പിടിയിലമരുന്ന കീചനകനെയാണ് നാം കാണുന്നത്. ഇവിടെ മന്ത്രകൂടത്ത് എത്തി ഒരു ശൃംഗാരപദം ആടിത്തീർത്ത് മീനാക്ഷിയെ പരിരംഭണം ചെയ്യാനൊരുങ്ങുന്ന ഉമ്മിണിപ്പിള്ള കുപ്പശ്ശാരുടെ മുഷ്ടികൾക്കിടയിൽ തളയ്ക്കപ്പെടുന്നുണ്ട്. ഇതിന്റെയെല്ലാം വ്യംഗ്യമര്യാദയിലുള്ള ആമുഖമാണ് വാക്യവക്രതയാൽ സി.വി. നിർമ്മിച്ചുവച്ചിരിക്കുന്നത്.

ചന്ത്രക്കാറന്റെ പ്രതാപത്തെയും നവലങ്കാനാഥനായി വിലസുന്ന ചന്ത്രക്കാറനോടുള്ള ഭയവും വ്യക്തമാക്കുന്നതിനായി, ജാനകീപരിണയം നാടകത്തിൽ മാരീചനെയും സുബാഹുവിനെയും രാമൻ വധിച്ചതറിഞ്ഞ് രാവണൻ തന്റെ വീരത പ്രകടിപ്പിക്കുന്ന ശ്ലോകഭാഗമാണ് സി.വി. വക്രകാന്തിയോടെ ഉപയോഗിച്ചിരിക്കുന്നത്.

ധർമ്മരാജായിലെ ഏഴാം അധ്യായത്തിൽ ഭിക്ഷാസത്ക്കാരമേൽക്കാൻ ചിലമ്പിനേത്തേക്കുള്ള എഴുന്നള്ളത്തിനിടയിൽ മന്ത്രകൂടത്ത് പടിക്കൽ വച്ച് ഹരിപഞ്ചാനനൻ സ്വമാതാവായ ത്രുപുരസുന്ദരിക്കുഞ്ഞമ്മയെ ആകസ്മികമായി കണ്ടുമുട്ടി. തിരുവിതാംകൂർ രാജസ്ഥാനത്തോട് പ്രതികാരം ചെയ്തല്ലാതെ അമ്മയെ കാണുകയില്ലെന്ന് അച്ഛൻ ചെയ്യിച്ച ശപഥം ഇപ്രകാരം വിധിവശാൽ ലംഘിക്കപ്പെട്ടു. ഈ ദുഃശ്ശകുനത്തിന്റെ പരിണതി സൂചിപ്പിക്കുവാനാണ് ഇരവിക്കുട്ടിപ്പിള്ളപ്പോരിൽ നിന്നുള്ള വരികൾ ആമുഖമായി ഉദ്ധരിച്ചിരിക്കുന്നത്. യുദ്ധത്തിനു പുറപ്പെടുന്ന അവസരത്തിൽ ഇരവിക്കുട്ടിപ്പിള്ള കണ്ട ദുഃശ്ശകുനങ്ങളാണ് ഈ വരികളിൽ മുഴങ്ങുന്നത്. അതൊന്നും വകവയ്ക്കാത്തതിന്റെ പരിണാമം അദ്ദേഹം അനുഭവിക്കുകയും ചെയ്യുന്നു. ശപഥലംഘനമെന്ന ദുഃശ്ശകുനം ഹരിപഞ്ചാനനനെ വേട്ടയാടിയ വിധങ്ങളാണല്ലോ തുടർന്ന് നോവലിൽ പ്രതിപാദിച്ചിരിക്കുന്നത്. സി.വി. നിബന്ധിച്ചിരിക്കുന്ന ഈ വാക്യവക്രത അനേകം വ്യംഗ്യാർത്ഥങ്ങളെ സമാനയിക്കുന്നു. ഇരുപത്തെട്ടാം അധ്യായത്തിൽ നടക്കുന്ന സംഭവങ്ങൾ പോലും അതിൽ നിന്ന് വ്യഞ്ജിക്കുന്നവയാണ്.

കേശവൻകുഞ്ഞിനെ കാരാഗൃഹത്തിൽ നിന്ന് മോചിപ്പിക്കുന്നതിലേക്കാവശ്യമായ തെളിവുകൾ ശേഖരിക്കുന്നതിനാണ് കേശവപിള്ള തടവറയിൽ ചെന്ന് അയാളെ കണ്ടത്. പക്ഷേ കേശവൻകുഞ്ഞ് കേശവപിള്ളയെ സംശയദൃഷ്ടിയോടെ നോക്കി കുതാർക്കിതത്ത്വത്തെ അവലംബിക്കുകയാണുണ്ടായത്. കിരാതം വഞ്ചിപ്പാട്ടിലെ വരികളാണ് സി.വി. ഇതിനായി കടംകൊണ്ടിരിക്കുന്നത്. കുഞ്ചൻനമ്പ്യാരുടേതെന്ന് പറയപ്പെടുന്ന കിരാതം വഞ്ചിപ്പാട്ടിലെ പ്രസ്തുത വരികൾ അപ്സരസ്സുകളുടെ പാട്ടിനും കൂത്തിനുമൊന്നും ഇളക്കാൻ സാധിക്കാത്ത അർജ്ജുനതപസ്സിന്റെ അചഞ്ചലതയെ വ്യക്തമാക്കുന്നു. ഹരിപഞ്ചാനനന്റെ നേർക്കുപോലും ജയം കൈവരിച്ച കേശവപിള്ളയുടെ സാമർത്ഥ്യം ശുദ്ധമനസ്കനും കൗശലരഹിതനുമായ കേശവൻകുഞ്ഞിന്റെ സംഗതിയിൽ പരാജയപ്പെട്ട പ്രകരണത്തിന് ഈ ആമുഖപദ്യം വക്രകാന്തി ചൊരിയുന്നു.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഉപാദാനവസ്തുക്കളെ സമുചിതമായി പ്രയോജനപ്പെടുത്തി രസോജ്ജ്വലമായ സംഭവപരമ്പരകളിലൂടെ രൂപപ്പെടുന്ന ഇതിവൃത്തം, പ്രസ്തുത സംഭവങ്ങളെ സംഭവിപ്പിക്കാൻ കരുത്തുറ്റ കഥാപാത്രങ്ങൾ, അവരുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ സിദ്ധിവിശേഷങ്ങൾ, അവരുടെ അറിവിന്റെ മണ്ഡലങ്ങൾ, ആകാരവിശേഷങ്ങൾ, അവരുടെ ആംഗിക, വാചിക സാത്വികരൂപമായ പ്രവൃത്തികൾ, എഴുത്തുകാരന്റെ ആഖ്യാനവൈഭവം, ഭാഷാഭേദ പ്രയോഗവൈദഗ്ധ്യം മുതലായവ എടുത്തുകാട്ടേണ്ടതാണ്. ഇതിവൃത്താദി സർവ്വകാവ്യഘടകങ്ങളെയും രൂപപ്പെടുത്തി ലക്ഷ്യസാധകമാക്കിത്തീർക്കുന്ന വക്രോക്തിവൈഭവത്തെ അനാവരണം ചെയ്യുന്നതിലാണ് അത് കലാശിക്കുന്നത്. ഉത്സാഹസ്ഥായിഭാവകമായ വീരരസത്തിൽ എല്ലാം കോർത്തിണക്കപ്പെട്ടിരിക്കുന്നതിന്റെ ചാതുരി അവിടെ ദർശിക്കാം.

വീരരസത്തെ ധ്വനിപ്പിക്കുന്ന പ്രബന്ധവക്രതയുടെ ശില്പഭദ്രതയാണ് ധർമ്മരാജായുടെ ഇതിവൃത്തഘടനയുടെ കരുത്ത്. ധർമ്മരാജാ എന്ന വക്രമായ ശീർഷകം ഉളവാക്കുന്ന ധ്വനിതലങ്ങളിൽ പ്രബന്ധവക്രതയുടെ കമനീയ കാന്തിപ്രസരം ആരംഭിക്കുന്നു. പരിണാമാനുന്മീലനവക്രത, സ്വാശയോല്ലേഖവക്രത, നിസ്സീമോത്സാഹവക്രത, ഇതിവൃത്തനിബന്ധനവക്രത, നായകനിബന്ധനവക്രത തുടങ്ങിയ പ്രബന്ധവക്രതാപ്രകാരങ്ങളുടെ സ്ഫുടമായ വൈഭവം ഇതിവൃത്തത്തെ കെട്ടുറപ്പോടെ രൂപപ്പെടുത്തുകയും രസപ്രകാശനക്ഷമമാക്കി മാറ്റുകയും ചെയ്യുന്നത് അധ്യായങ്ങൾ തോറും അനാവരണം ചെയ്യപ്പെടുന്നുണ്ട്.

“ധീരനായുള്ള കുമാരനും മെല്ലവേ
ചാരുസരോജനേത്രൻ പദാംഭോരുഹം
മാനസതാരിലുറപ്പിച്ചു ഭക്തനാ-
യാനന്ദമോടെ നടന്നു തുടങ്ങിനാൻ”

എന്ന് ധ്രുവകുമാരചരിത പ്രതിപാദകമായ ഭാഗവതോദ്ധരണിയിൽ നിന്നാരംഭിച്ച് ആ യാത്രയുടെ പരമഫലപ്രാപ്തിയിൽ “പൊന്നുതിരുമേനി... നൂറ്റിരുപതും പിന്നേം ചെന്നു... പേരും പെരുമയും ചേർന്ന്.... നാട്ടാർക്ക് .... തായും തകപ്പനുമായി... ശെൽവവും നിറശെൽവവും പെരുകി... എൺതിശയും തുലങ്ക... ആണ്ടരുള.... മുമ്മൂർത്തികളും ഒരുമ കൊണ്ട... മൂവുലകുടയ... താണുമാലയപ്പെരുമാൾ അനുഗ്രഹിക്ക... അടിയൻ!.. അടിയൻ!” എന്ന് ഒരു ധർമ്മരക്ഷിതൻ ചാരിതാർത്ഥ്യവചസ്സുകൾ ചൊരിയും വരെ സംഭവബഹുലമായ ഈ കാവ്യശില്പം വീരരസനിർഭരമായിത്തീർന്നതിന്റെ പൊരുൾ ഈ വക്രതാപഗ്രഥനത്തിലൂടെ വ്യക്തമായിത്തീരുന്നു. ചരിത്രപശ്ചാത്തലത്തോടെ ഉത്പാദ്യലാവണ്യഭദ്രതാഭാസുരമായ കഥയുടെ അനേകം ചരടുകൾ കോർത്തിണക്കി പരിണാമം എന്തായിരിക്കുമെന്ന് ആദ്യമേ തന്നെ ഉറക്കെ പ്രഖ്യാപിക്കാതെയും (പരിണാമാനുന്മീലനവക്രത) എന്നാൽ സഹൃദയത്വമുള്ളവർക്ക് മനസ്സിലാക്കാൻ വേണ്ടുന്ന സൂചനകൾ നൽകിയും സ്വകീയലക്ഷ്യം നേടുവാൻ ശരീരമനോബുദ്ധികൾ കൊണ്ടു കഠിനാധ്വാനം ചെയ്യുന്ന കഥാപാത്രങ്ങളുടെ പരിധിയില്ലാത്ത ഉത്സാഹം വ്യക്തമാകുമാറ് (നിസ്സീമോത്സാഹവക്രത) പ്രബന്ധഗാത്രം വക്രതാഭദ്രമായി ധർമ്മരാജായിൽ ശില്പം ചെയ്യപ്പെട്ടിരിക്കുന്നു. നായകന്റെ നേതൃഗുണം വ്യക്തമാക്കുന്ന അനേകം സംഭവങ്ങളിലൂടെ പുരോഗമിച്ച് അന്തിമമായ നായകവിജയം ചിത്രീകരിക്കുന്ന ഇതിവൃത്ത നിബന്ധനവക്രതയും നായകവിജയത്തോടൊപ്പം മറ്റനേകം പേരുടെ ധാർമ്മികമായ ജീവിതലക്ഷ്യങ്ങൾ കൂടി നായകസാമർത്ഥ്യത്താൽ നേടിക്കൊടുക്കുന്ന നായകനിബന്ധനവക്രതയും ഇതിവൃത്തത്തെ വീരരസപൂർണ്ണമാക്കുന്നു. പ്രതിനായകന്റെ വീരതയ്ക്ക് യാതൊരു കുറവും സംഭവിപ്പിക്കാതെ കൈവരിച്ചിരിക്കുന്ന നായകവിജയം ധർമ്മരാജായുടെ വക്രമായ പ്രബന്ധകാന്തിയാണ്.

പ്രബന്ധസ്വരൂപം ആവിഷ്കൃതമാകുന്നത് പ്രകരണങ്ങളിലൂടെയാകയാൽ മേൽപ്പറഞ്ഞ പ്രബന്ധവക്രതകൾക്കിണങ്ങുന്ന പ്രകരണവക്രതാസൗഭാഗ്യം അനിവാര്യതയായിത്തീരുന്നു. പരിണാമാനുന്മീലനവക്രത, സ്വാശയോല്ലേഖവക്രത, നിസ്സീമോത്സാഹവക്രത, ഉത്പാദ്യലാവണ്യവക്രത, അനുഗ്രാഹ്യാനുഗ്രാഹകത്വവക്രത, പ്രസിദ്ധാഭിധേയവക്രത, അംഗിരസനികഷവക്രത മുതലായ പ്രകരണവക്രതകൾ ധർമ്മരാജായുടെ ഇതിവൃത്തത്തെ വീരരസോചിതമാക്കുന്നു. പട്ടിണിക്കു പരിഹാരം തേടി കേശവബാലന്റെ പുറപ്പാടും, നാടിന്റെ പ്രശ്നങ്ങൾക്കും സ്വകാര്യദുഃഖങ്ങൾക്കും പരിഹാരം കാണാൻ പടത്തലവന്റെ പ്രയത്നവും, അച്ഛൻ ചെയ്യിച്ച പ്രതിജ്ഞ നിറവേറ്റാൻ ഒടുങ്ങാത്ത രാജവിദ്വേഷവുമായി പ്രതികാരത്തിനെത്തുന്ന ഹരിപഞ്ചാനന സന്നാഹങ്ങളും, കഴക്കൂട്ടത്തു കുടുംബവക നിധിയും, തിരുവിതാംകൂറിലെ ദളവാപ്പട്ടവും അതിന്റെ മേൽത്തട്ടും മോഹിക്കുന്ന ചന്ത്രക്കാറച്ചാഞ്ചാട്ടങ്ങളും, കണക്കു തമ്പി ചെമ്പകരാമൻ തുടങ്ങിയ സ്ഥാനങ്ങൾ കൊതിക്കുന്ന കളപ്രാക്കോട്ട വിശ്വനാഥൻ കുഞ്ചുപിരാട്ടിയുടെ നിഷ്കപടകർമ്മങ്ങളും, തന്റെ കൊച്ചുമകളെയെങ്കിലും രക്ഷപെടുത്താൻ കൊതിക്കുന്ന ത്രിപുരസുന്ദരിക്കുഞ്ഞമ്മയുടെ മാതൃവാത്സല്യവും, യൗവ്വനോദയത്താൽ കേശവൻകുഞ്ഞിനും മീനാക്ഷിക്കും തോന്നിയ പ്രണയഭാവനയും ചിലപ്പോൾ അന്യോന്യമനുകൂലിച്ചും പലപ്പോഴും പ്രതികൂലിച്ചും കൂടിക്കലർന്ന് എല്ലാറ്റിനും ഏകാധാരമായ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ധർമ്മനിഷ്ഠയോടും വീരതയോടും ചേരുമ്പോൾ പൊട്ടിവിടരുന്ന അനേക കഥാസന്ദർഭങ്ങളാണ് ധർമ്മരാജായുടെ ഇതിവൃത്തശില്പത്തെ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

രൂപപ്പെടുത്തുന്ന വക്രമായ പ്രകരണങ്ങൾ. അനന്തമുദ്രമോതിരവിക്രിയകഥയാണ് ധർമ്മരാജായിലെ ഒരു പ്രധാന പ്രകരണം. കഴക്കൂട്ടത്ത് പിള്ളമാരുടെ വകയായ മോതിരം രത്നവ്യാപാരിയായ അണ്ണാവയ്യന് വിൽക്കപ്പെട്ടു എന്ന വാർത്ത പരന്നതോടെ രാജദ്രോഹപ്രവർത്തനങ്ങൾ ആരോ നടത്തുന്നു എന്ന ആശങ്ക രാജപക്ഷ്യരായ മന്ത്രിമാരുടെ ഹൃദയത്തിലുണ്ടായി. അന്വേഷണമുണ്ടാകുമെന്നറിഞ്ഞ മാത്രയിൽ അണ്ണാവയ്യൻ അപ്രത്യക്ഷനാവുകയും മോതിരം അണ്ണാവയ്യന്റെ വീട്ടിൽ നിന്ന് കണ്ടെത്തുകയും ചെയ്തതോടെ മോതിരവിക്രിയകഥ ഗൗരവതരമായിത്തീർന്നു. കഴക്കൂട്ടത്ത്പിള്ളയുടെ സ്വത്തെല്ലാം രാജഭണ്ഡാരത്തിലേക്കു കണ്ടുകെട്ടിയതാണ്. അതെങ്ങനെ പുറത്തുവന്നു? കഴക്കൂട്ടത്ത് കുടുംബത്തിലാരെങ്കിലും ശേഷിക്കുന്നുണ്ടോ? അന്വേഷണം രഹസ്യമായിരിക്കാൻ രാജസ്ഥാനം പ്രത്യേകം ശ്രദ്ധവച്ചു. സമ്പ്രതിരാമയ്യനും നീട്ടെഴുത്ത് കേശവപിള്ളയും ഹരിപഞ്ചാനനയോഗിയുടെ ആശ്രമത്തിൽ എത്തപ്പെടുന്നത് അതിന്റെ ഭാഗമായിട്ടാണ്. നായകനും പ്രതിനായകനും തമ്മിൽ ബൗദ്ധികയുദ്ധത്തിന് അങ്കം കുറിച്ചത് അങ്ങനെ അവിടെവച്ചായിരുന്നു. അനുഗ്രാഹ്യാനുഗ്രാഹകവക്രതാവിശിഷ്ടമായ മറ്റൊരു പ്രകരണമാണ് ഹരിപഞ്ചാനനന്റെ മാതൃദർശനം. പ്രതികാരദാഹത്തോടെ തന്റെ മക്കളെ വളർത്തിയ കുട്ടിക്കോന്തിശ്ശൻ ലക്ഷ്യപ്രാപ്തിക്കുശേഷമേ മാതാവിനെ കാണൂ എന്ന് ഉഗ്രശാന്തന്മാരെക്കൊണ്ട് പ്രതിജ്ഞ ചെയ്യിച്ചിരുന്നു. ചിലമ്പിനേത്തെ ഭിക്ഷാസത്കാര ഘോഷയാത്രാവേളയിൽ മന്ത്രകൂടത്ത്പടിക്കൽ വിചിത്രവർണ്ണവേഷധാരികളായ സ്ത്രീകളെ ഉഗ്രഹരിപഞ്ചാനനൻ കണ്ടുപോയത് തികച്ചും ആകസ്മികത മാത്രം. പല്ലക്കലിൽ നിന്നും അവരുടെ സമീപം എത്തുന്ന യോഗീശ്വരൻ മാതാവിനെയും അനന്തരവളെയും ഭൃത്യനെയും തിരിച്ചറിഞ്ഞു. വിധികൃതമായ ഈ മാതൃദർശനം ആനന്ദത്തോടൊപ്പം പ്രതിജ്ഞാലംഘനമെന്നുള്ള ദുഃസ്സൂചനയെ ഹൃദയത്തിലുദിപ്പിച്ച് ഹരിപഞ്ചാനനന്റെ ആത്മവിശ്വാസത്തെ പീഡിപ്പിക്കാനാരംഭിച്ചു. ഹരിപഞ്ചാനനന്റെ നാട്യങ്ങളെ ഖണ്ഡിക്കാൻ പടത്തലവരുടെ പക്കലുണ്ടായിരുന്ന തെളിവുകളിൽ മുഖ്യം ഇതായിരുന്നു. സമുചിതമായ ഉപാദാനവസ്തുക്കളാലും വിചിത്രമാർഗ്ഗത്തിലൂടെ പ്രസരിക്കുന്ന സ്വകീയ പ്രതിഭയാലും ഇവയെയെല്ലാം സി.വി. വക്രോക്തിബഹുലമാക്കി രസനീയമാക്കിത്തീർത്തിരിക്കുന്നു.

ഇതിവൃത്തം രൂപം കൊള്ളുന്നത് കഥാപാത്രപ്രവൃത്തികളിലൂടെയാണ്. അതിനാൽ പ്രസ്തുത പ്രകരണങ്ങളെ സംഭവിപ്പിക്കാൻ സാമർത്ഥ്യമുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കേണ്ടിവരുന്നു. വീരരസപ്രധാനമായ ധർമ്മരാജായിലെ ഉജ്ജ്വലപ്രഭ ചിതറുന്ന പ്രകരണങ്ങൾക്ക് യോജിക്കുന്ന കഥാപാത്രങ്ങളെ സി.വി. രൂപപ്പെടുത്തിയിരിക്കുന്നത്പ്രകരണപ്രബന്ധവക്രതയോടിണങ്ങിയാണ്. നായകപക്ഷമെന്നും പ്രതിനായകപക്ഷമെന്നും പല ഹേതുക്കളാൽ രണ്ടിലും ചേരുകയോ അകപ്പെടുകയോ ചെയ്തവരെന്നും കണക്കാക്കാവുന്ന കഥാപാത്രങ്ങളെ അദ്ദേഹം സൃഷ്ടിച്ചു. അക്കൂട്ടത്തിൽ അഞ്ചു പേർ ചരിത്രപുരുഷന്മാരും ശേഷമുള്ളവർ കൽപിതവുമാണ്. ഓരോ കഥാപാത്രത്തിനും ഇതിവൃത്തഗാത്രത്തിൽ നിർവ്വഹിക്കേണ്ട ധർമ്മങ്ങളും അതിനു വേണ്ടുന്ന കഴിവുകളും സി.വി. നൽകി. പാത്രസ്വഭാവത്തിനനുസരിച്ച് രൂപഘടനയും സംഭാഷണവും പ്രവൃത്തികളും നൽകി. വർണ്ണവിന്യാസവക്രത, പദപൂർവ്വാർദ്ധവക്രത, പ്രത്യയവക്രത, വാക്യവക്രത എന്നിവകളാൽ പാത്രസ്വരൂപാദികൾ സി.വി. ശില്പം ചെയ്തിരിക്കുന്നു. പ്രകരണ പ്രബന്ധവക്രതകളുടെ അവിഭാജ്യഘടകമായാണ് അവയെല്ലാം രൂപം കൊണ്ടിരിക്കുന്നത്. നായകപക്ഷ്യരിൽ ഒരാളും പലഹാരപ്പുര മൂത്തണ്ണാവിയും കഥകളി ഭാഗവതരുമായ മാമാ വെങ്കിടനെ ചിത്രീകരിച്ചിരിക്കുന്നത് ഹാസ്യരസത്തിനിണങ്ങുംവിധമാണ്. ചാക്യന്മാരുടെ പാഞ്ചാലീസ്വയംവര കഥാപ്രസംഗങ്ങളിലെ പൊണ്ണബ്രാഹ്മണരൂപസങ്കല്പത്തിന്റെ അസ്സൽ ഈ ബ്രാഹ്മണനായിരുന്നിരിക്കാം എന്ന ആദ്യപരാമർശം തന്നെ കഥാപാത്രസ്വരൂപത്തെ നന്നായി പ്രകാശിപ്പിക്കുന്നു. സഹൃദയനു പരിചയമുള്ള പൊണ്ണബ്രാഹ്മണനെ ചൂണ്ടിക്കാട്ടി അതിനോട് സാദൃശ്യമെന്നു ധ്വനിപ്പിക്കുന്ന വാക്യവക്രതയുടെ സാമർത്ഥ്യമാണത്. സാഹസികത്വം, പ്രമാണിത്വം, കൂക്കുവിളി എന്നിവകളോടുകൂടിയ പലഹാരപ്പുര മൂത്തണ്ണാവി, ശൃംഗാരക്കുഴമ്പത്വം, കാഹളകണ്ഠത്വം, പ്രഹാരദാതൃത്വം എന്നിവകളോടുകൂടിയ കഥകളി ഭാഗവതർ, മദ്ധ്യത്തിൽ കെട്ടോടുകൂടിയ കുടുമ, മുരിങ്ങായ്ക്കാ ഭസ്മക്കുറി, രുദ്രാക്ഷക്കടുക്കൻ എന്നിവകളോടു കൂടിയ സമുദായാംഗം എന്നീ വിധമുള്ള മാമന്റെ മൂന്നുനിലകളെപ്പറ്റിയുള്ള വർണ്ണനവും അങ്ങനെതന്നെ. കേരളജീവിതത്തിന്റെ ഭിന്നതലങ്ങൾ വക്രോക്തിനിർമ്മിതിക്കായി ഇവിടെ ഉപാദാനമാക്കപ്പെട്ടിരിക്കുന്നു. ചന്ത്രക്കാറൻ, പവതിക്കൊച്ചി, കുപ്പശ്ശാർ തുടങ്ങിയ കഥാപാത്ര ആവിഷ്ക്കാരവും ഇതുപോലെയാണ്. കഥാപാത്രങ്ങളുടെ കഴിവുകളും അവരുടെ അറിവിന്റെ മണ്ഡലങ്ങളുമെല്ലാം അതാതിടത്തുതന്നെ പ്രകാശിപ്പിക്കപ്പെടുന്നു. അവയെല്ലാം സജീവവും സ്വാഭാവികവുമായി പരിണമിച്ചിരിക്കുന്നതിനു ഹേതു വക്രതകളുടെ സാമർത്ഥ്യമാണ്. അവയുടെ രസപ്രകാശനക്ഷമതയ്ക്ക് അടിസ്ഥാനവും വേറൊന്നല്ല.

പ്രകരണങ്ങളും പ്രബന്ധവും രൂപപ്പെടാൻ കഥാപാത്രങ്ങളുടെ പ്രവൃത്തികൾ പോലെ പ്രാധാന്യമർഹിക്കുന്ന വേറൊരു ഘടകമാണ് നോവലിസ്റ്റ് നടത്തുന്ന ആഖ്യാനം. രസാസ്വാദമുളവാകുംവിധം സംഭവങ്ങൾ പറഞ്ഞു കേൾപ്പിക്കുന്നതിനായി സി.വി. വക്രോക്തിനിർഭരമായ ഭാഷ തന്നെ പ്രയോഗിച്ചിരിക്കുന്നു. ലോകശാസ്ത്രകാവ്യാദികളിൽ നിന്നുള്ള ധാരാളം ഉപാദാനങ്ങൾ വക്രതകളുടെ നിർമ്മിതിക്കായി സി.വി. ഇവിടെയും ഉപയോഗ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പ്പെടുത്തുന്നുണ്ട്. സഹൃദയന് പ്രത്യക്ഷാനുഭവമുളവാകുംവിധം സംഭവങ്ങൾ ആഖ്യാനം ചെയ്യുമ്പോഴാണ് രസാനുഭൂതി പിറക്കുന്നത്. സംഭവങ്ങളെ സഹൃദയന്റെ മനക്കണ്ണിനു മുന്നിൽ കാണിച്ചുകൊടുക്കാൻ എഴുത്തുകാരന്റെ പക്കലുള്ള ഉപകരണമാണല്ലോ വക്രതകൾ. ദേശകാലാദികൾ വർണ്ണിച്ചു രസാനുഭാവത്തിനു പുഷ്ടി പകരാനും വക്രതകളെത്തന്നെ അദ്ദേഹം സമാശ്രയിച്ചിരിക്കുന്നു.

പ്രകരണവക്രതളുടെയും പ്രബന്ധവക്രതകളുടെയും വേറൊരു സംഭാവനയാണ് കാവ്യത്തെ ആദ്യന്തം ഹൃദ്യമാക്കുന്ന നാടകീയത. അതാണ് രസാനുഭവത്തിനാസ്പദം. ഇതിവൃത്തവും കഥാപാത്രങ്ങളും കഥാപാത്രപ്രവൃത്തികളും ആഖ്യാനവുമെല്ലാം നാടകീയതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അവയെല്ലാം രൂപപ്പെടുത്തുന്നതിൽ വർണവിന്യാസവക്രതയും പദപൂർവ്വാർദ്ധവക്രതയും പ്രത്യയവക്രതയും വാക്യവക്രതയും പ്രകരണവക്രതയും പ്രബന്ധവക്രതയും അവയുടെ വൈവിദ്ധ്യമാർന്ന അവാന്തരവിഭാഗങ്ങളോടുകൂടി എങ്ങനെയെല്ലാം പങ്കുവഹിക്കുന്നു എന്ന് അപഗ്രഥിച്ച് തെളിഞ്ഞതാണ്. അവയെല്ലാം ചേർന്ന് ഓരോ മുഹൂർത്തത്തെയും നാടകീയമാക്കി മാറ്റി നോവലിനെ ആകമാനം നാടകീയമാക്കിത്തീർത്ത് വീരരസാനുഭവത്തെ ഉളവാക്കുന്നു. ഹരിപഞ്ചാനനന്റെ യാഥാർത്ഥ്യത്തെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും സി.വി. സഹൃദയസമക്ഷം സമർപ്പിക്കുന്നത് സമാധാനത്തിലും നാടകീയമായിട്ടുമാണ്. ചന്ത്രക്കാറൻ യോഗീശ്വരനെ ആദ്യമായി കാണാനെത്തുന്ന സന്ദർഭത്തിൽ, യോഗീശ്വരന്റെ മുഖവും ചേഷ്ടകളും കണ്ട് ചന്ത്രക്കാറന്റെ മനസ്സിലുണർന്ന അവ്യക്തസ്മരണകൾ കഴക്കൂട്ടത്ത് കുടുംബവുമായി യോഗീശ്വരനുള്ള ബന്ധത്തെ സഹൃദയന്മാരുടെ ഹൃദയത്തിൽ സമർപ്പിക്കുന്നു. ഉഗ്രൻ കഴക്കൂട്ടത്തുപിള്ളയുടെ അനന്തരവനാണിയാൾ എന്ന് നേരിട്ടു പറയാതെ നാടകീയമായി അനുഭവപ്പെടുത്തുന്ന രചനാതന്ത്രമാണിത്.

സർവ്വവിധ കാവ്യഘടകങ്ങളുടെയും പരിണതഫലമാണ് രസഭാവാദികളുടെ അനുഭവം. വിഭാവാനുഭാവങ്ങൾ അഥവാ കഥാപാത്രങ്ങളും കഥാപാത്രപ്രവൃത്തികളും ചേർന്ന് ഭാവം ധ്വനിക്കുന്നു. വിഭാവാനുഭാവ വ്യഭിചാരികൾ ചേർന്ന് രസവും ധ്വനിക്കുന്നു. കഥാപാത്രം, കഥാപാത്രപ്രവൃത്തികൾ മുതലായവയെല്ലാം വക്രോക്തിയുടെ വൈഭവമാണെന്ന് കണ്ടു. അതിനാൽ ഭാവാനുഭൂതിയുടെയും രസാനുഭൂതിയുടെയും കാര്യത്തിൽ വക്രതകൾക്കുള്ള സംഭാവന പ്രത്യേകിച്ച് പറയേണ്ടതായി വരുന്നില്ല. മിക്ക രസങ്ങളും ധർമ്മരാജായിൽ കടന്നുവരുന്നുണ്ടെങ്കിലും അംഗിയായി നിൽക്കുന്നത് വീരമാണ്. മറ്റെല്ലാ രസങ്ങളും ഭാവങ്ങളും അതിന് അംഗമായി നിൽക്കുന്നു. ഹരിപഞ്ചാനനന്റെ രഹസ്യം മനസ്സിലാക്കി അയാളെ ക്രൂരകർമ്മങ്ങളിൽ നിന്ന് പിന്തിരിച്ച് മന്ത്രകൂടത്ത് ഭവനത്തിൽ ആസന്നമരണയായി കിടക്കുന്ന മാതൃസമീപത്തേക്കു കൂട്ടിക്കൊണ്ടുപോകാൻ അനന്തപത്മനാഭൻ പടത്തലവൻ യോഗിവാടത്തിലെത്തി യുക്തിഭദ്രമായ തന്റെ ഭാഷിതങ്ങളാൽ ഹരിപഞ്ചാനനന്റെ കൗടില്യങ്ങളെ കീഴ്പ്പെടുത്തിയപ്പോൾ യുദ്ധോദ്യുക്തനായ ഹരിപഞ്ചാനനനിൽ രൗദ്രരസം പ്രകടമാകുന്നത് സി.വി. സമർത്ഥമായി നിബന്ധിച്ചിരിക്കുന്നു. സ്വസഹോദരന്റെ മാറിൽ കഠാരി കുത്തിയിറക്കുക, കേശവപിള്ളയെ സംഹരിക്കാൻ സായുധനായി മുന്നോട്ടു കുതിക്കുക, പടത്തലവരുമായി ദ്വന്ദയുദ്ധം ചെയ്യുക തുടങ്ങിയ അനുഭാവങ്ങളിലൂടെ രൗദ്രരസം അഭിവ്യക്തമായി അംഗിയായ വീരത്തെ പോഷിപ്പിച്ച് നോവലിൽ അവിസ്മരണീയമായ ആ പ്രകരണം ശില്പം ചെയ്തിരിക്കുന്നു. വാടാക്കരൾകൊണ്ട കുടുംബത്തിന്റെ വീരത അനുഭവപ്പെടുത്തുമാറ് പ്രതിനായകന് നൽകിയ വീരോജ്ജ്വലമായ മൃത്യു ഭൗതിക പരാജയത്തിനു നടുവിലും അനശ്വരയശസ്സ് പകർന്നുകൊണ്ട് പ്രതിനായകനെയും ഉയരങ്ങളിൽ തന്നെ നിർത്തിയിരിക്കുന്നത് പ്രബന്ധവക്രതയുടെ സാഫല്യമാണ്. നായകപക്ഷത്തെ വിജയത്തിലേയ്ക്കു നയിച്ച ധർമ്മനിഷ്ഠം ധർമ്മവീരത്തിന്റെ ഔന്നത്യമനുഭവപ്പെടുത്തി നോവലിനെ വീരരസോജ്ജ്വലമാക്കിയിരിക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

1. അയ്യപ്പപണിക്കർ കെ. ഡോ., സി.വി. രാമൻപിള്ള, കേരള സർവ്വകലാശാല, തിരുവനന്തപുരം.
2. എഴുത്തച്ഛൻ, അധ്യാത്മരാമായണം കിളിപ്പാട്ട്, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
3. കർത്ത പി.സി., പ്രൊഫ. പഴഞ്ചൊൽ പ്രപഞ്ചം, ഡി.സി. ബുക്സ്, കോട്ടയം.
4. കൃഷ്ണൻനായർ പൂജപ്പുര, ഡോ. വക്രോക്തി കൈരളി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
5. രാമൻപിള്ള സി.വി., ധർമ്മരാജാ, ഡി.സി. ബുക്സ്, കോട്ടയം.

**സംസ്കൃതം**

6. കുന്തകൻ, വക്രോക്തിജീവിതം, കർണ്ണാടക യൂണിവേഴ്സിറ്റി, ധാർവാർ
7. ഭരതമുനി, നാട്യശാസ്ത്രം, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, വാരണാസി

**ആനുകാലികങ്ങൾ**

8. കൃഷ്ണൻനായർ പൂജപ്പുര, ഡോ. വക്രോക്തിരഹസ്യം, ഭാഷാപോഷിണി, 2001 മാർച്ച്
9. നാരായണ പിഷാരടി കെ.പി., കുന്തകന്റെ വക്രോക്തി, ഭാഷാപോഷിണി, 1986